# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.680 | 13.06.2012-ൽ മറുപടി നൽകേണ്ടിയിരുന്നത്

## മെഡിക്കൽ കോളേജുകളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ടെക്നിക്കൽ വിഭാഗത്തിലുള്ളവരുടെ ഒഴിവുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ ആവശ്യത്തിന് ഡോക്ടർമാർ, ടെക്നീഷ്യൻമാർ, നേഴ്സുമാർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) നിലവിൽ മെഡിക്കൽ കോളേജുകളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഡോക്ടർമാരുടേയും, നേഴ്സുമാരുടേയും, റേഡിയോഗ്രാഫർ, എക്സ്റേ ടെക്നീഷ്യൻ തുടങ്ങിയ ടെക്നിക്കൽ വിഭാഗത്തിൽപ്പെട്ടവരുടെ ഒഴിവുകൾ എത്രയാണെന്ന് അറിയിക്കുമോ ; | (ബി) നിലവിൽ മെഡിക്കൽ കോളേജുകളിൽ ഡോക്ടർമാരുടെ 176 ഒഴിവുകളും നേഴ്സുമാരുടെ 640 ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് പി.എസ്.സി. വഴി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>റേഡിയോഗ്രാഫർ, എക്സ്റേ ടെക്നീഷ്യൻ തുടങ്ങിയ ടെക്നിക്കൽ വിഭാഗങ്ങളിൽ ഒഴിവില്ല. |
| (സി) പ്രസ്തുത ഒഴിവുകൾ നികത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (സി) ഉണ്ട് |
| (ഡി) ഇനിയും റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ തുടങ്ങി റിപ്പോർട്ട് ചെയ്യിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ